**<u>കോവിഡ് ജാഗ്രത</u>**

**<u>വളരെ അടിയന്തിരം /സമയപരിധി</u>**

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ് പി ഓ , 695033 ,**
**തിരുവനന്തപുരം**
jddj.dp@gmail.com
**0471-2786305 തീയതി : 12/05/2021**

**പഞ്ചായത്ത് ഡയറക്ടർ**

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് -കോവിഡ്-19 തീവ്ര വ്യാപനം - രോഗ പ്രതിരോധ നടപടികൾ -സംബന്ധിച്ച്

സൂചന:
1. ജി.ഒ.(ആർ.റ്റി)നം.408/2021/ഡി.എം.ഡി തീയതി.10.05.2021
2. ജി.ഒ.(ആർ.റ്റി)നം.410/2021/ഡി.എം.ഡി തീയതി.11.05.2021
3. ഈ ആഫീസിലെ 26.04.2021-ലെ ഇതേ നമ്പർ സർക്കുലർ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സമാനതകളില്ലാതെ സംസ്ഥാനത്ത് തുടരുന്ന കോവിഡ് -19 തീവ്ര വ്യാപനം തടയുന്നതിനും രോഗബാധിതരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ച് കൊണ്ടു വരുന്നതിനും ലോക്ക് ഡൌണിന്റെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിലും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളും വകുപ്പിന്റെ ഭരണ സംവിധാനങ്ങളും സ്തുത്യർഹമായ സേവനമാണ് നടത്തി വരുത്തുന്നത്. ഈ മഹാമാരി തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡ്തല കോവിഡ് ജാഗ്രതാ സമിതികളുടെയും കൂടുതൽ ജാഗ്രതയോടെയുള്ള സമയോചിതമായ പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് ബഹ.മുഖ്യമന്ത്രി 08.05.2021-ന് തദ്ദേശ സ്ഥാപന ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് നടത്തിയ ഓൺലൈൻ മീറ്റിംഗിൽ അറിയിച്ചിട്ടുള്ളതാണ്. കോവിഡ്-19 രോഗപ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പിന്തുണനാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. ഗ്രാമപഞ്ചായത്ത് തലത്തിൽ ആരംഭിച്ചിട്ടുള്ള ഡൊമിസിലിയറി കെയർ സെന്ററുകൾ(DCC), കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ(CFLTC), കോവിഡ് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ(CSLTC) എന്നിവയുടെയും, വാർഡ്തല സമിതികളുടെയും പ്രവർത്തനങ്ങൾ, ഗ്രാമപഞ്ചായത്ത്തല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചും ഗ്രാമപഞ്ചായത്ത് തലത്തിൽ ആരംഭിച്ചിട്ടുള്ള കോവിഡ് കെയർ സെന്ററുകൾക്ക് ആവശ്യമായ മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചർ സാധനങ്ങൾ മുതലായവയുടെ വാങ്ങൽ നടപടിക്രമങ്ങൾ സംബന്ധിച്ചും വ്യക്തമായ സർക്കാർ ഉത്തരവുകൾ നിലവിലുണ്ടെങ്കിലും ഇവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ സംശയങ്ങൾ ഉന്നയിക്കുന്ന സാഹചര്യത്തിൽ ഇവയ്ക്ക് ഉടനടി പരിഹാരം നിർദ്ദേശിക്കുന്നതിനായി ജില്ലാ തലത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ Crisis Management Team അടിയന്തിരമായി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത ടീമിൽ പരമാവധി 10 ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അംഗങ്ങളായി ഉൾപ്പെടുത്തുന്നവർക്ക് കോവിഡ്-19 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ , ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയിൽ അവഗാഹമുണ്ടായിരിക്കേണ്ടതുമാണ്. ടീം അംഗങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ കില മുഖേന ഓൺലൈൻ പരിശീലനം നൽകേണ്ടതാണ്. ടീം അംഗങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണ അധികാരികളായി പ്രവർത്തിക്കുവാൻ പാടുള്ളതല്ല. ചുമതലപ്പെടുത്തുന്ന ഗ്രാമപഞ്ചായത്തുകളുടെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ സഹായങ്ങളും സംശയനിവാരണ നടപടികളുമാണ് ടീം അംഗങ്ങൾ ചെയ്യേണ്ടത്. വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ തീരുമാനം എടുക്കേണ്ട വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ടീം അംഗങ്ങൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. സീനിയർ ക്ലാർക്ക് മുതലുള്ള ഉദ്യോഗസ്ഥരെ ടീം അംഗങ്ങളായി ചുമതലപ്പെടുത്താവുന്നതാണ്. ജില്ലാതല Crisis Management Team ഇന്ന് മുതൽ (12.05.2021) പ്രാബല്യത്തിൽ വരുത്തേണ്ടതും ഇത് സംബന്ധിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. (ടീം രൂപീകരിച്ച് കൊണ്ടുള്ള നടപടി ക്രമങ്ങളിൽ ജീവനക്കാരന്റെ പേര്, ബന്ധപ്പെടുവാനുള്ള ലാൻഡ് ലൈൻ / മൊബൈൽ നമ്പർ ഉണ്ടായിരിക്കേണ്ടതും നടപടിക്രമങ്ങളുടെ പകർപ്പ് ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾക്ക് അയച്ചു നൽകേണ്ടതുമാണ്.)

2. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജീവനക്കാരുടെ കുറവുണ്ടെങ്കിൽ മേൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പട്ടിക തയ്യാറാക്കി ആയതിൽ നിന്നും നിയത ഉത്തരവിലൂടെ ചുമതല നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിന് ഉദ്യോഗസ്ഥരെ നിയമിക്കാവുന്നതാണ്. ഇത്തരത്തിൽ നിയമനം നടത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

(എ) സർക്കാർ ആവശ്യ സർവ്വീസായി നിശ്ചയിച്ചിട്ടുള്ള വകുപ്പുകളിലെ ജീവനക്കാരെ ഒഴിവാക്കേണ്ടതാണ്.

(ബി)അംഗപരിമിതർ, രോഗബാധിതർ എന്നിവരെ ഒഴിവാക്കേണ്ടതാണ്.

(സി)സൂചന (2) ഉത്തരവ് പ്രകാരമോ നേരിട്ടോ ജില്ലാ കളക്ടർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയമനം നൽകിയിട്ടുള്ള ഉദ്യോഗസ്ഥരെ / അദ്ധ്യാപകരെ ഒഴിവാക്കേണ്ടതാണ്.

(ഡി)സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക , അനദ്ധ്യാപക ജീവനക്കാരെ നിയമിക്കാവുന്നതാണ്.

(ഇ)ഗ്രാമപഞ്ചായത്ത് തലത്തിൽ ഇത്തരത്തിലുള്ള നിയമന ഉത്തരവുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അംഗീകാരത്തിന് വിധേയമായി മാത്രമേ പുറപ്പെടുവിക്കാൻ പാടുള്ളൂ.

(എഫ്)ഇത്തരത്തിൽ നിയമനം നടത്തുമ്പോൾ ഒരു ജീവനക്കാരനെ തുടർച്ചയായി നിയമിക്കാതെ ടേൺ രീതി അവലംബിക്കേണ്ടതും ചുമതല നിശ്ചയിക്കുമ്പോൾ ജീവനക്കാരന്റെ ഔദ്യോഗിക പദവി കണക്കിലെടുക്കേണ്ടതുമാണ്.

(ജി)നിയമന ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അയച്ച് നൽകേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സേന , ഹരിതകർമ്മ സേന ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളുടെയും സുരക്ഷ സംബന്ധിച്ച സൂചന (3) മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

ക്രമനമ്പർ (2), (3) പ്രകാരമുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ
M P AJITHKUMAR
ADDITIONAL DIRECTOR